



# മലർവാടി

കുട്ടികളുടെ മാസിക

2017 ഏപ്രിൽ

പുസ്തകം 37, ലക്കം 6



Editor:
T.K. Ubaid

Executive Editor:
P.A. Nazimudeen

Layout&Graphics:
Alikoya

Technical Support:
Fahis Ali

Cover:
Sangeeth Vinayakan

Manager:
Tele: 0495 2730073
e-mail:
managerprabodhanamclt
@gmail.com

e-mail:
malarvadimag
@gmail.com
www.malarvadi.net
Phone: 0495 2732555


## ഇത്തിരി നേരം... ഇത്തിരി വിശേഷം...

രണ്ടു കൊച്ചു തവളകൾ ഒരിക്കൽ ഒരു പാൽതൊട്ടിയിൽ വീണു. രണ്ടുപേരും തുടർച്ചയായി ചാടിനോക്കിയിട്ടും തൊട്ടിക്കു പുറത്തേക്ക് വീഴാൻ കഴിഞ്ഞില്ല. തൊട്ടി ▸▸





യിൽ കാൽ ഊന്നി നിൽക്കാൻ ഒരു സ്ഥലവുമില്ലാത്തതുകൊണ്ട് അവർക്ക് തൊട്ടിയുടെ പുറത്തേക്ക് ഉയർന്നു ചാടാൻ കഴിയുന്നില്ല. എങ്കിലും ശ്രമിച്ചുകൊണ്ടേയിരുന്നു. പക്ഷേ, രക്ഷപ്പെടാൻ യാതൊരു പഴുതും ഉണ്ടായിരുന്നില്ല.

അതിലൊരുത്തൻ നിരാശനായി ചാട്ടം നിർത്തി. എങ്കിലും രണ്ടാമൻ പ്രതീക്ഷ കൈവിട്ടില്ല. അവന്റെ ചാട്ടവും തുഴച്ചിലും കൊണ്ട് ക്രമേണ പാൽ ഇളകി മറിയുകയും പാൽ കടഞ്ഞത് പോലെ വെണ്ണ ഊറുകയും ചെയ്തു.

ആശ്വാസം! ആ ഊറി വന്ന വെണ്ണയിൽ കാൽ ഊന്നി രണ്ടാമൻ പുറത്തേക്ക് ചാടി രക്ഷപ്പെട്ടു.

കൂട്ടുകാരെ, ഈ കൊച്ചു തവളകളുടെ കഥ എന്താണ് നമ്മോട് പറയുന്നത്. എത്ര നിരാശകരമായ അവസ്ഥയിലും പ്രത്യാശയുടെ അങ്കുരങ്ങൾ നിലനിൽക്കുന്നു എന്നല്ലേ? പലരും വിധി എന്ന് പറഞ്ഞൊഴിയുന്ന ദുരന്താവസ്ഥകൾ

മനുഷ്യന് മാറ്റിതീർക്കാം എന്നു തന്നെയല്ലേ.

മാറാരോഗങ്ങൾ, നിരന്തരമായ പട്ടിണി, തുടർച്ചയായി അനുഭവിക്കുന്ന പരാജയങ്ങൾ ഒക്കെ ജീവിതത്തിലുണ്ടാകുമ്പോൾ മിക്കവരും അത് വിധിക്ക് കൈവിട്ടു കൊടുത്തുകൊണ്ട് സ്വയം ദുരിതം സ്വീകരിക്കുന്നു.

എന്നാൽ നിരന്തരമായ ഇച്ഛാശക്തിയിലൂടെ, നിരന്തരമായ പ്രതീക്ഷയിലൂടെ ആരും നിനക്കാത്ത വിധത്തിൽ സാഹചര്യങ്ങൾ പിന്നീട് മാറിത്തീരുകയും പുതിയ സാധ്യതകൾ തുറക്കപ്പെടുകയും ചെയ്യുന്നു.

ഒട്ടേറെ മഹാന്മാരുടെ ജീവിത കഥകളിലും, നമുക്ക് ചുറ്റുമുള്ള പല മനുഷ്യരുടെ ജീവിത കഥകളിലും, സൂക്ഷിച്ചു നോക്കിയാൽ ഈ പ്രതിഭാസം കാണാം. എവിടെയാണോ പ്രശ്നം അവിടെ പരിഹാരത്തിന്റേതായ ഒരു വഴി നിശ്ചയമായും ഉണ്ടാകും. അതിനാൽ മനുഷ്യർക്ക് ഏത് ദുരന്താവസ്ഥയിലും അത് ഒരടഞ്ഞ വാതിലാണെന്ന് കാണാൻ ദൈവം ഒരിക്കലും ന്യായം നൽകുന്നില്ല.

ഏതു ക്ലേശത്തിനൊപ്പവും ആശ്വാസമുണ്ട്

(ഖുർആന് 94:6).

● പി.എ.എൻ




## റീ സൈക്ലിങ്ങും റീ പർപ്പസിങ്ങും

ഉപകരണങ്ങളെ വിവിധ ഘടകങ്ങളാക്കി വേർതിരിച്ച ശേഷം പുതിയവ നിർമ്മിക്കാൻ അവയെ ഉപയോഗിക്കലാണ് റീ സൈക്ലിങ്. എന്നാൽ ഉപയോഗ ശൂന്യമായ ഉപകരണത്തെ മറ്റെന്തെങ്കിലും ആവശ്യത്തിന് യോജിച്ച വിധത്തിൽ രൂപമാറ്റം വരുത്തലാണ് റീ പർപ്പസിങ്.